പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4177**

**03.02.2014** ൽ മറുപടിക്ക്

**കെ.ഐ.പി കനാലിന്റെ കൊട്ടാരക്കര ഭാഗത്തെ അനുബന്ധ റോഡുകളുടെ പുനരുദ്ധാരണം**

| | ചോദ്യം<br><br>ശ്രീമതി പി. അയിഷാപോറ്റി | | മറുപടി<br><br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ എത്ര കിലോമീറ്റർ ദൂരത്തിൽ കെ. ഐ.പി കനാലിന്റെ അനുബന്ധ റോഡുകൾ ഗതാഗതശൂന്യമായ വിധത്തിൽ തകർന്ന് കിടപ്പുണ്ട്; | (എ) | കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 25 കിലോമീറ്റർ ദൂരത്തിൽ കെ. ഐ.പി. കനാലിന്റെ അനുബന്ധ റോഡുകൾ ഗതാഗതശൂന്യമായ വിധത്തിൽ തകർന്ന് കിടപ്പുണ്ട്. |
| (ബി) | ഈ സാമ്പത്തിക വർഷത്തിൽ കെ.ഐ.പി കനാലിന്റെ അനുബന്ധ റോഡുകളുടെ പുനരുദ്ധാരണത്തിനായി എന്തു തുക അനുവദിച്ചിട്ടുണ്ട്; | (ബി) | ഈ സാമ്പത്തിക വർഷത്തിൽ കെ.ഐ.പി കനാലിന്റെ അനുബന്ധ റോഡുകളുടെ പുനരുദ്ധാരണത്തിനായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | കൊട്ടാരക്കര മണ്ഡലത്തിന്റെ പരിധിയിലുള്ളതും തകർന്നു കിടക്കുന്നതുമായ കെ.ഐ.പി കനാലിന്റെ അനുബന്ധ റോഡുകൾ പുനരുദ്ധരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ? | (സി) | കെ. ഐ. പി. (എൽ.ബി) ഓയൂർ ബ്രാഞ്ച് കനാൽ ചെയിനേജ് 6928 മീ. മുതൽ 8088 മീ. വരെയുള്ള ലിങ്ക് റോഡിന്റെ അറ്റകുറ്റ പണികൾക്ക് ആയി 10,00,000/- രൂപയുടെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കെ.ഐ.പി. കനാലിന്റെ മറ്റു അനുബന്ധ റോഡുകളുടെയും എസ്റ്റിമേറ്റുകൾ തയ്യാറായി വരുന്നു. |

സെക്ഷൻ ഓഫീസർ